**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 7805 23.07.2012-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടന്ന കുറ്റകൃത്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടന്ന കുറ്റകൃത്യങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ ; | (എ) കേരളത്തിൽ കഴിഞ്ഞ വർഷം (2011 ൽ) 172137 IPC കേസുകളും 246633 SLL ( Special Local Laws) കേസുകളും ഉൾപ്പെടെ ആകെ 418770 കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ആകെ രജിസ്റ്റർ ചെയ്ത FIR 447950 ആണ്. |
| (ബി) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ കണക്ക് പ്രകാരം ഐ.പി.സി. പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളിൽ കേരളത്തിന് എത്രാമത്തെ സ്ഥാനമാണുള്ളത് ; കുറ്റകൃത്യങ്ങളുടെ നിരക്ക് വ്യക്തമാക്കാമോ ; | (ബി) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ കണക്ക് അനുസരിച്ച് ഐ.പി.സി. പ്രകാരം രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ കേരളത്തിന് 6 -ാം സ്ഥാനമാണുള്ളത്. കുറ്റകൃത്യങ്ങളുടെ നിരക്ക് 515.6 ( ഒരു ലക്ഷം പേരിൽ). |
| (സി) കഴിഞ്ഞ ഒരു വർഷത്തെ മോഷണം, സ്ത്രീപീഢനം, തട്ടിക്കൊണ്ടുപോകൽ എന്നിങ്ങനെയുള്ള കേസുകളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവ ഓരോന്നിലും ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷനുകൾ ഏതെല്ലാം ; | (സി) കഴിഞ്ഞ വർഷം ( 2011 ൽ) മോഷണം, സ്ത്രീപീഢനം, തട്ടിക്കൊണ്ട് പോകൽ എന്നിങ്ങനെയുള്ള കേസുകളുടെ ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിൽ മോഷണത്തിന് കണ്ണൂർ ജില്ലയിലെ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിലും (108 കേസ്സുകൾ) സ്ത്രീപീഢനവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിലും ( 109 കേസ്സുകൾ) , തട്ടിക്കൊണ്ട് പോകലുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ കൊട്ടിയം പോലീസ് സ്റ്റേഷനിലു (8 കേസ്സുകൾ) മാണ് ഏറ്റവും കൂടുതൽ കേസുകൾ ഈ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ഡി) ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട ലോക്കപ്പ് മർദ്ദനങ്ങൾ എത്ര ; ഏതെല്ലാം സ്റ്റേഷനുകളിൽ ; അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ? | (ഡി) ലോക്കപ്പ് മർദ്ദനം സംബന്ധിച്ച കേസുകൾ ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

| SL No | District | Theft | Atorcities against women | Kidnapping |
|---|---|---|---|---|
| 1 | TVPM CITY | 580 | 533 | 25 |
| 2 | TVPM RURAL | 693 | 1193 | 21 |
| 3 | Kollam City | 352 | 602 | 21 |
| 4 | Kollam Rural | 334 | 634 | 13 |
| 5 | Pathanamthitta | 333 | 453 | 18 |
| 6 | Alappuzha | 442 | 682 | 24 |
| 7 | Kottayam | 570 | 860 | 19 |
| 8 | Idukki | 347 | 237 | 10 |
| 9 | Ernakulam City | 383 | 136 | 9 |
| 10 | Ernakulam Rural | 475 | 684 | 11 |
| 11 | Trissur City | 199 | 455 | 11 |
| 12 | Trissur Rural | 380 | 1067 | 19 |
| 13 | Palakkad | 484 | 671 | 9 |
| 14 | Malappuram | 699 | 1001 | 25 |
| 15 | Kozhikkod City | 425 | 556 | 11 |
| 16 | Kozhikkode Rural | 320 | 577 | 21 |
| 17 | Wayanad | 177 | 454 | 7 |
| 18 | Kannur | 477 | 620 | 14 |
| 19 | Kasaragod | 294 | 709 | 15 |
| 20 | Railways | 254 | 39 | 0 |
| | TOTAL | 8218 | 12163 | 303 |

സെക്ഷൻ ഓഫീസർ